## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം : *491 — 25.10. 2016 ൽ മറുപടിക്ക്

### ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ

**ചോദ്യം**

ശ്രീ.അനിൽ അക്കര
ശ്രീ.കെ.സി.ജോസഫ്
ശ്രീ.എം.വിൻസെന്റ്
ശ്രീ.വി.എസ്.ശിവകുമാർ

**ഉത്തരം**

ശ്രീ.കടകംപള്ളി സുരേന്ദ്രൻ
(വൈദ്യുതിയും ദേവസ്വവും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) ഊർജ്ജ സംരക്ഷണ-ത്തെക്കുറിച്ചും ഊർജ്ജ കാര്യ-ക്ഷമതയെക്കുറിച്ചും പൊതുജന-ങ്ങളെ അറിയിക്കുവാൻ എന്തെല്ലാം സംവിധാനങ്ങ-ളാണ് പ്രയോജനപ്പെടുത്തുന്നത് വിശദമാക്കുമോ? | (എ) ഊർജ്ജ സംരക്ഷണ-ത്തെക്കുറിച്ചും ഊർജ്ജ കാര്യ-ക്ഷമതയെക്കുറിച്ചും പൊതുജന-ങ്ങളെ അറിയിക്കുവാൻ ഇ.എം.സി.പ്രയോജനപ്പെടുത്തുന്ന സംവിധാനങ്ങൾ ചുവടെ ചേർക്കുന്നു <br> പൊതുജനങ്ങളിൽ ഊർജ്ജസംരക്ഷണ അവബോധം വളർത്തുന്നതിലേയ്ക്കായി സർക്കാരിതര സംഘടനകൾ മുഖേന നടത്തി വരുന്ന ഒരു ഊർജ്ജസംരക്ഷണ ബോധവൽക്കരണ പരിപാടിയാണ് ഊർജ്ജകിരൺ. <br> • ഗാർഹിക ഊർജ്ജ ഉപഭോക്താക്കൾക്ക് ഊർജ്ജസംരക്ഷണ ബോധവത്ക്കരണം നൽകുന്നതിന് സ്ത്രീകളായ എനർജി ക്ലിനിക്ക് വോളണ്ടിയർമാർ വീടുകൾതോറും ഊർജ്ജസംരക്ഷണ ക്ലാസ്സുകൾ നൽകുകയും ലഘുലേഖകൾ വിതരണം ചെയ്യുകയും ചെയ്യുന്നു. <br> • വിദ്യാർത്ഥികളിൽ ഊർജ്ജസംരക്ഷണ ബോധവൽക്കരണം നടത്തുന്നതിന് സ്മാർട്ട് എനർജി പ്രോഗ്രാം (SEP) എന്ന പേരിൽ പദ്ധതി നടപ്പിലാക്കി വരുന്നു. <br> • ഊർജ്ജസംബന്ധമായ പരിശീലന പരിപാടികൾ നടത്തുന്നതിനായി കേരളത്തിലുടനീളം റിസോഴ്സ് പേഴ്സണുകൾക്ക് പരിശീലനം നൽകി വരുന്നു. <br> • കേരളത്തിലെ എഞ്ചിനീയറിംഗ്, പോളിടെക്നിക്ക്, ഐ.റ്റി.ഐ മുതലായ സ്ഥാപനങ്ങളിൽ ഊർജ്ജസംരക്ഷണ എക്സിബിഷനുകൾ, മത്സരങ്ങൾ, പരിശീലന പരിപാടികൾ എന്നിവ നടത്തി. <br> • പൊതുജനങ്ങൾക്ക് ഊർജ്ജ ബോധവത്ക്കരണം നടത്തുന്നതിലേയ്ക്കായി വിവിധ എക്സിബിഷനുകൾ, ലഘുലേഖാവിതരണം എന്നിവ നടത്തുന്നു. <br> • AIR ലെ "ഹലോ ആകാശവാണി" എന്ന പരിപാടിയിലൂടെ പൊതുജനങ്ങളുടെ ഊർജ്ജസംരക്ഷണ സംബന്ധമായ. സംശയങ്ങൾക്ക് മറുപടി നൽകി <br> • സംസ്ഥാനത്തെ വായനശാലകൾ വഴിയുള്ള ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി വായനശാലകളിൽ ഊർജ്ജസംരക്ഷണക്ലാസ്സുകൾ സംഘടിപ്പിക്കുന്നു. |

- ഊർജ്ജസംരക്ഷണം, ഊർജ്ജസംരക്ഷണ നിയമം എന്നിവയെപ്പറ്റി അറിവ് നൽകുന്നതിനാവശ്യമായ ലഘുലേഖകൾ, കൈപ്പുസ്തകങ്ങൾ, പോസ്റ്ററുകൾ, സ്റ്റിക്കറുകൾ എന്നിവ അച്ചടിച്ച് വിതരണം ചെയ്തു വരുന്നു.

കെ.എസ്.ഇ.ബി.മുഖേന നടപ്പിലാക്കി വരുന്ന ഊർജ്ജ സംരക്ഷണ ബോധവത്കരണ പദ്ധതികൾ

- ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങളിൽ ഉപഭോക്താക്കളുടെ പങ്കാളിത്തം നേരിട്ട് ഉറപ്പു വരുത്തുന്നതിന്റെ ഭാഗമായി 2013 മുതൽ കെ.എസ്.ഇ.ബി. നടപ്പിലാക്കി വരുന്ന പദ്ധതിയാണ് 'ലാഭപ്രഭ.'
- മുൻ വർഷങ്ങളിൽ 'നാളേക്കിത്തിരി ഊർജ്ജം', ലാഭപ്രഭ സീസൺ 2 എന്നീ ഊർജ്ജസംരക്ഷണ പദ്ധതികൾ സ്കൂൾ വിദ്യാർത്ഥികൾക്കിടയിൽ നടപ്പിലാക്കിയിട്ടുണ്ട്.
- ഊർജ്ജ സംരക്ഷണം ലക്ഷ്യം വച്ച് കെ.എസ്.ഇ.ബി.യും, ഇ.എം.സി.യും വിവിധ ബോധവത്ക്കരണ ക്യാമ്പയിനുകൾ നടത്തിയിട്ടുണ്ട്.

ഊർജ്ജ കാര്യക്ഷമത ലക്ഷ്യം വച്ച്കൊണ്ട് താഴെ പറയുന്ന പദ്ധതികൾ കെ.എസ്.ഇ.ബി നടപ്പിലാക്കിയിട്ടുണ്ട്.

1) ഏകദേശം 75 ലക്ഷം എൽ.ഇ.ഡി ബൾബുകൾ കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഇ.ഇ.എസ്.എൽ-മായി ചേർന്ന് ഡൊമസ്റ്റിക് എഫിഷ്യന്റ് ലൈറ്റിംഗ് പ്രോഗ്രാം (ഡെൽപ്പ്) എന്ന പദ്ധതി പ്രകാരം വിതരണം ചെയ്തു.

2) പരമ്പരാഗത പെട്ടി-പറ പമ്പിംഗ് സംവിധാനം മാറ്റി ഊർജ്ജ ക്ഷമതയുള്ള പമ്പുകൾ സ്ഥാപിക്കുന്ന പദ്ധതി

3) ആശുപത്രികളിൽ കാര്യക്ഷമതയുള്ള ലൈറ്റുകളും ഫാനുകളും സ്ഥാപിക്കുന്ന പദ്ധതി.

4) ഇ.സി.ഇ.ഇ (എംപവറിംഗ് കൺസ്യൂമേഴ്സ് ഓൺ എനർജി എഫിഷ്യൻസി) പദ്ധതി.

സെക്ഷൻ ഓഫീസർ